**2008 മാർച്ച് 21 മുതൽ 24 വരെ കൊച്ചിയിൽ നടക്കുന്ന രണ്ടാമത് അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം സമ്മേളനത്തെക്കുറിച്ച് അധികൃതർക്ക് പറയാനുള്ളത്**

# എന്താണ് ഉത്തരവാദിത്ത ടൂറിസം?

തദ്ദേശിയർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നൽകിക്കൊണ്ട് വിനോദസഞ്ചാരികൾക്ക് മികച്ച സഞ്ചാര സാധ്യതകളൊരുക്കുന്നതാണ് ഉത്തരവാദിത്ത ടൂറിസം. 1996 ലാണ് ഈ വാക്ക് ആദ്യമായി രൂപപ്പെടുന്നതെങ്കിലും 2002 ലെ കേപ്ടൗൺ പ്രഖ്യാപനത്തിനുശേഷമാണ് ഉത്തരവാദിത്ത ടൂറിസം അതിന്റെ ലക്ഷ്യങ്ങളും സമീപനങ്ങളോടും കൂടിയ ഒരു ഘടനയിലേക്കെത്തിയത്. ഐക്യരാഷ്ട്ര സഭയുടെ ഭാഗമായ ലോക ടൂറിസം സംഘടന (UNWTO) യാണ് അടുത്തിടെ ഉത്തരവാദിത്ത ടൂറിസത്തിനുള്ള ആഗോളപെരുമാറ്റ ചട്ടങ്ങളും ക്രമീകരണങ്ങളുമുണ്ടാകുന്നത്. ടൂറിസം സമൂഹത്തിനും, സാമ്പത്തിക പാരിസ്ഥിതിക വ്യവസ്ഥയ്ക്കും ഉണ്ടാക്കുന്ന വലിയ ആഘാതങ്ങളെക്കുറിച്ചറിയുകയും അത് കുറയ്ക്കുന്ന ശ്രമങ്ങൾ നടത്തുകയുമാണ് ഉത്തരവാദിത്ത ടൂറിസംകൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രാദേശിക ജനതയ്ക്കും, ആതിഥേയ സമൂഹത്തിനും കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക നേട്ടങ്ങളും ഐശ്വര്യ സമൃദ്ധിയും ഇതുണ്ടാക്കുന്നുണ്ട്. പ്രകൃതി-സാംസ്കാരിക പൈതൃകങ്ങളുടെ സംരക്ഷണത്തിനും ലോകത്തിലെ നാനാത്വങ്ങളെ നിലനിർത്തുന്നതിനും വേണ്ടി ശരിയായ അളവിലുള്ള സംഭാവനകൾ ഉത്തരവാദിത്ത ടൂറിസം നൽകും.

ഉത്തരവാദിത്ത ടൂറിസം പ്രധാനമായും മൂന്ന് തരത്തിലുള്ള ഉത്തരവാദിത്തങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. സാമ്പത്തിക ഉത്തരവാദിത്തം, സാമൂഹിക ഉത്തരവാദിത്തം, പാരിസ്ഥിതിക ഉത്തരവാദിത്തം. ഇതിൽ മുഖ്യപ്രാധാന്യം സാമ്പത്തിക ഉത്തരവാദിത്തത്തിനാണ് നൽകുന്നത്. ഹോട്ടലുകളും ടൂറിസം ഏജന്റുമാരും പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗിച്ചെങ്കിൽ മാത്രമെ ടൂറിസം വികസനത്തിന്റെ ഭാഗമായി പ്രാദേശിക സമ്പത്തിനും ജനതയ്ക്കും ഉപകാരങ്ങളുണ്ടാകുന്നുള്ളു. പ്രാദേശികമായ വിനിയോഗങ്ങൾ ഉറപ്പായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

Second International Conference on
**Responsible Tourism in Destinations**
21-24 March 2008 Kerala India

ഉയർന്ന വരുമാനവും തൊഴിൽ സാദ്ധ്യതകളും പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഇരട്ടിച്ചുവരുന്ന തരത്തിൽ നൽകാൻ ടൂറിസത്തിന് കഴിയും. പലതരത്തിലുള്ള സാമ്പത്തിക ചോർച്ചകളെ തടയാൻ ഉത്തരവാദിത്ത ടൂറിസംകൊണ്ട് സാധിക്കും.

തദ്ദേശീയരായ കർഷകരുമായുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് ടൂറിസത്തിനാവശ്യമായ ചില പ്രാഥമിക ഉത്പന്നങ്ങൾ പച്ചക്കറി, മുട്ട, ഇറച്ചി, മത്സ്യം, പഴവർഗ്ഗങ്ങൾ എന്നിവ അവരിൽനിന്നും കണ്ടെത്താൻ കഴിയും.

മുളയും, ചൂരലും, ചകിരിനാരും, തറയോടും, കയറുമൊക്കെ പ്രാദേശികമായി സുലഭമായ സ്ഥലങ്ങളിൽ നിന്നും കണ്ടെത്തി വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിനും മേല്ക്കൂരകൾ പണിയുന്നതിനുമുള്ള സഹായക ഉത്പന്നങ്ങളായി പരിസ്ഥിതി-സൗഹൃദ സംവിധാനങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയും.

പ്രാദേശികമായി ടൂറിസ്റ്റുകൾക്ക് ലഭിക്കുന്ന അനുഭവങ്ങളെയും ഉത്പന്നങ്ങളായി കണ്ടുകൊണ്ട് ടൂറിസത്തിന്റെ ഭാഗമായി അതിനെ വികസിപ്പിക്കാൻ കഴിയണം. ഉദാഹരണത്തിന് സുഗന്ധവ്യഞ്ജന ടൂറിസം, മൺസൂൺ ടൂറിസം, തോട്ടവിള ടൂറിസം, ഗ്രാമീണ ടൂറിസം തുടങ്ങിയവ.

വൈദഗ്ദ്ധ്യമാവശ്യമുള്ള തൊഴിലുകൾക്കുവേണ്ടി തദ്ദേശീയരെ ടൂറിസം വ്യവസായങ്ങൾ നേരിട്ട് നിയമിക്കണം.

അലങ്കാരങ്ങൾക്കും സമ്മാനങ്ങൾ നൽകുന്നതിനുമായി കരകൗശല/കൗതുക/പൗരാണിക വസ്തുക്കൾ പ്രാദേശികമായി സ്വരൂപിക്കുക വഴി വൈകാരികമായ ബന്ധം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും.

**സമ്മേളനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

• 2002 മുതൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക തലത്തിൽ ഹോട്ടലുകളുടെയും ടൂർ ഓപ്പറേറ്റർമാരുടെയും നേതൃത്വത്തിൽ നടക്കുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ വളർച്ച വിലയിരുത്തുക.

• ഉത്തരവാദിത്ത ടൂറിസത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ അനുഭവങ്ങൾ അന്താരാഷ്ട്ര തലത്തിൽ പങ്കുവയ്ക്കുക.

• പ്രാദേശിക വിഭവ വികസനത്തിനും.ദാരിദ്ര്യം കുറയ്ക്കുന്നതിനും ടൂറിസത്തിനുള്ള പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.

• പാരിസ്ഥിതിക ആഘാതങ്ങൾ ടൂറിസം വ്യവസായത്തിന് ഏതെല്ലാം വിധത്തിൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാം എന്ന് പരിശോധിക്കുക.

• ഏതെല്ലാം വിധത്തിലാണ് ടൂറിസം സാമൂഹിക വികസനത്തിനും, പ്രാദേശിക ജനതയും ടൂറിസ്റ്റുകളും തമ്മിൽ നല്ലരീതിയിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിനും വേണ്ട വഴികൾ സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.

**സമ്മേളനത്തിൽ പങ്കെടുക്കുന്നവർ**

• ദേശീയ/തദ്ദേശീയ ടൂറിസം ബോർഡുകൾ • ദേശീയ/അന്തർദേശീയ ടൂറിസം സംഘടനകൾ • ടൂറിസം പഠനകേന്ദ്രങ്ങളും/യൂണിവേഴ്സിറ്റികളും • വിനോദസഞ്ചാര-പാരിസ്ഥിതിക പ്രസിദ്ധീകരണങ്ങൾ • ടൂർ ഓപ്പറേറ്റർമാർ • ഹോട്ടലുകൾ • എയർലൈൻസ് • സഞ്ചാരസാഹിത്യകാരും, ഫോട്ടോഗ്രാഫർമാരും • പരിസ്ഥിതി/പ്രകൃതി പ്രവർത്തകർ • പാരിസ്ഥിതിക സുസ്ഥിര/ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകൾ • തദ്ദേശ വികസന സ്ഥാപനങ്ങളും സൊസൈറ്റികളും.